ഉത്തരം

(എ),(ബി)&(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഉണ്ട്.

(ഇ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി, കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമ നിധി, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമപദ്ധതി എന്നിവയിലേക്ക് കൊടുക്കേണ്ടതായ അംശദായം/ഗ്രാന്റ് തുകയിലാണ് കുടിശ്ശിക വന്നിട്ടുള്ളത്.

93 (2784) അംശദായ കുടിശ്ശിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിത്തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായ കുടി ശ്ശിക നിശ്ചയിക്കുന്നതിൽ അപാകതയുള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ സംഭവിക്കുവാനുള്ള കാരണം വ്യക്തമാ ക്കുമോ;

(സി) ഇപ്രകാരം അധിക തുക ഈടാക്കുവാനുള്ള നടപടി പുനഃപരി ശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലയിൽ മയ്യിൽ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ ഹർജിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാ ക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കണ്ണൂർ ജില്ലയിലെ മയ്യിൽ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേരള കൈത്തറിത്താഴിലാളി ക്ഷേമനിധി നിയമം 4(2) വകുപ്പ് പ്രകാരമുള്ള വ്യാപാരി അംശദായമടക്കാത്തതിനാൽ, ആയത് ഈടാക്കാൻ ജപ്തി നടപടി സ്വീകരിച്ചിരുന്നു. 1.4.1994 മുതൽ 31.3.1997 വരെയുള്ള കാലത്തെ അംശദായം തിട്ടപ്പെടുത്തൽ ഉത്തരവ്, ഡിമാന്റ് നോട്ടീസ് എന്നിവ 1998 ഒക്ടോബറിന് മുമ്പ് കൈപ്പറ്റിയിട്ടും 30.4.1999-ന് ജപ്തി നടപടി സ്വീകരിക്കുന്നതുവരെ സൊസൈറ്റി യാതൊരു മറുപടിയും ബോർഡിന് അയ ച്ചിട്ടില്ല. ജപ്തി നടപടി സ്വീകരിച്ചതിന് ശേഷം 29.6.1999-ന് സൊസൈറ്റി നിർദ്ദിഷ്ട സ്ലാബ് നിരക്കിൽ അംശദായം അടച്ചതായി അറിയിച്ചിട്ടുണ്ട്. അന്തിമ തിട്ടപ്പെടുത്തലിനെതിരെ നിയമാനുസൃതം അപ്പീൽ സമർപ്പിച്ചതായി അറിവില്ല. പുനഃപരിശോധനയ്ക്ക് ഹർജി ലഭിച്ചിട്ടില്ല. നിയമാനുസൃത പുനഃപ രിശോധനയ്ക്ക് വ്യവസ്ഥയുമില്ല.

† അനുബന്ധം 2

LIBRARY ARCHIVES Kerala Legislative Assembly